പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 236

# 2019-ലെ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

Published on 04-01-2020

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 236

# 2019-ലെ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) ബിൽ

5/2020.

പതിനാലാം കേരള നിയമസഭ
ബിൽ നമ്പർ 236

# 2019-ലെ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) ബിൽ

1991-ലെ കേരള കാർഷികാദായ നികുതി ആക്റ്റ് റദ്ദാക്കുന്നതിനുള്ള

ഒരു

## ബിൽ

പീഠിക.—1991-ലെ കേരള കാർഷികാദായ നികുതി ആക്റ്റ് (1991-ലെ 15) റദ്ദാക്കേണ്ടത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2019-ലെ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. റദ്ദാക്കലും ഒഴിവാക്കലും.—(1) 1991-ലെ കേരള കാർഷികാദായ നികുതി ആക്റ്റ് (1991-ലെ 15) (ഇതിനുശേഷം റദ്ദാക്കപ്പെട്ട ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു:

എന്നാൽ അപ്രകാരമുള്ള റദ്ദാക്കൽ,—

(എ) ഈ ആക്റ്റിന്റെ പ്രാരംഭത്തിന് മുൻപ്, ചെയ്തിട്ടുള്ള ഏതെങ്കിലും കാര്യത്തെയോ ചെയ്ത ഏതെങ്കിലും കുറ്റത്തെയോ ഉണ്ടായിട്ടുള്ള ഏതെങ്കിലും പിഴയെയോ ശിക്ഷയെയോ, ആരംഭിച്ചിട്ടുള്ള ഏതെങ്കിലും നടപടിയെയോ ബാധിക്കുകയോ; അല്ലെങ്കിൽ

(ബി) റദ്ദാക്കൽ പ്രാബല്യത്തിൽ വന്ന സമയം പ്രാബല്യത്തിലുണ്ടായിരുന്നതോ നിലനിന്നിരുന്നതോ ആയ ഏതൊരു കാര്യത്തേയും പുനരുജ്ജീവിപ്പിക്കുകയോ; അല്ലെങ്കിൽ

5/2020.

(സി) റദ്ദാക്കപ്പെട്ട ആക്റ്റിന്റെ മുൻകാലത്തെ പ്രാബല്യത്തേയോ അതിൻ കീഴിൽ യഥാവിധി ചെയ്തതോ സംഭവിച്ചതോ ആയ ഏതെങ്കിലും കാര്യത്തെയോ ബാധിക്കുകയോ; അല്ലെങ്കിൽ

(ഡി) റദ്ദാക്കപ്പെട്ട ആക്റ്റിൻ കീഴിൽ, ആർജ്ജിച്ചതോ ഉണ്ടായിട്ടുള്ളതോ സംഭവിച്ചതോ ആയ ഏതെങ്കിലും അവകാശത്തെയോ വിശേഷാവകാശത്തെയോ ബാധ്യതയെയോ കടപ്പാടിനെയോ ബാധിക്കുകയോ; അല്ലെങ്കിൽ

(ഇ) റദ്ദാക്കപ്പെട്ട ആക്റ്റിനെതിരായി ചെയ്തിട്ടുള്ള ഏതെങ്കിലും കുറ്റം സംബന്ധിച്ചുള്ള ഏതെങ്കിലും പിഴയെയോ പിഴശിക്ഷയെയോ കണ്ടുകെട്ടലിനെയോ ശിക്ഷയെയോ ബാധിക്കുകയോ; അല്ലെങ്കിൽ

(എഫ്) മുൻപറഞ്ഞ പ്രകാരം അങ്ങനെയുള്ള ഏതെങ്കിലും അവകാശത്തെയോ വിശേഷാവകാശത്തെയോ കടപ്പാടിനെയോ ബാധ്യതയെയോ പിഴയെയോ പിഴശിക്ഷയെയോ കണ്ടുകെട്ടലിനെയോ ശിക്ഷയെയോ സംബന്ധിച്ചുള്ള ഏതെങ്കിലും അന്വേഷണത്തെയോ നിയമനടപടിയെയോ അല്ലെങ്കിൽ പരിഹാരത്തെയോ ബാധിക്കുകയോ;

ചെയ്യുന്നതല്ലാത്തതും, ഈ ആക്റ്റ് പാസ്സാക്കിയിട്ടില്ലായിരുന്നു എന്ന രീതിയിൽ അപ്രകാരമുള്ള ഏതെങ്കിലും അന്വേഷണ വിചാരണയോ നിയമനടപടികളോ അല്ലെങ്കിൽ പരിഹാരമോ ആരംഭിക്കാവുന്നതും അപ്രകാരമുള്ള ഏതെങ്കിലും പിഴയോ പിഴശിക്ഷയോ ശിക്ഷയോ ചുമത്താവുന്നതും ആകുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും,—

(എ) ഈ ആക്റ്റിന്റെ പ്രാരംഭതീയതിയിൽ റദ്ദാക്കപ്പെട്ട ആക്റ്റ് പ്രകാരം, ഏതെങ്കിലും അധികാരസ്ഥാനത്തിന്റെയോ ഉദ്യോഗസ്ഥന്റെയോ മുൻപാകെ തീർപ്പാക്കാതെ നിലവിലിരിക്കുന്ന ഏതെങ്കിലും അപേക്ഷയോ അപ്പീലോ റിവിഷനോ, ഈ ആക്റ്റ് പാസ്സാക്കിയിട്ടില്ലായിരുന്നു എന്ന രീതിയിൽ അപ്രകാരമുള്ള ഉദ്യോഗസ്ഥനോ അധികാര സ്ഥാനമോ തീർപ്പാക്കേണ്ടതാണ്.

(ബി) ഈ ആക്റ്റിന്റെ പ്രാരംഭതീയതിയിൽ, റദ്ദാക്കപ്പെട്ട ആക്റ്റിന്റെ കീഴിൽ നിയമിക്കപ്പെട്ട, അപ്പലേറ്റ് അതോറിറ്റി മുമ്പാകെ സമർപ്പിക്കപ്പെട്ടതും തീർപ്പാക്കാതെ നിലവിലിരിക്കുന്നതുമായ ഏതെങ്കിലും അപ്പീൽ, ഈ ആക്റ്റ് പാസ്സാക്കിയിട്ടില്ലായിരുന്നു എന്ന രീതിയിൽ അപ്രകാരമുള്ള അധികാരസ്ഥാനം കേൾക്കേണ്ടതും തീർപ്പാക്കേണ്ടതുമാണ്.

(സി) (1)-ാം ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും റദ്ദാക്കപ്പെട്ട ആക്റ്റ് പ്രകാരമുള്ള നികുതി നിർണ്ണയിക്കുവാൻ വിട്ടുപോയ കാർഷികാദായത്തിന്മേലുള്ള നികുതി നിർണ്ണയം ഉൾപ്പെടെയുള്ള നികുതി നിർണ്ണയം, നികുതി ചുമത്തൽ, നികുതി പിരിച്ചെടുക്കൽ, ഈടാക്കൽ എന്നിവ സംബന്ധിച്ച് ഈ ആക്റ്റിന്റെ പ്രാരംഭത്തിൽ നിലവിലുണ്ടായിരുന്ന നടപടികൾ തുടരുന്നതിനും പൂർത്തീകരിക്കുന്നതിനുമുള്ള അവകാശം, ഏതെങ്കിലും ആളിൽ നിന്നും കിട്ടേണ്ട തുക ഒരാൾ നൽകുന്നതിനുള്ള ബാധ്യത, റദ്ദാക്കപ്പെട്ട ആക്റ്റിന് കീഴിൽ തുക തിരികെ ലഭിക്കുന്നതിനുള്ള ഏതെങ്കിലും അവകാശം എന്നിവയെ ബാധിക്കുന്നതല്ല.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കേരള സംസ്ഥാനത്ത് തോട്ടം മേഖലയിൽ നിലനിൽക്കുന്ന വിവിധ പ്രശ്നങ്ങളെ കുറിച്ച് വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് വേണ്ടി 27-11-2015-ലെ സർക്കാർ ഉത്തരവ് നമ്പർ 188/2015/തൊഴിൽ പ്രകാരം നിയമിച്ച ജസ്റ്റിസ് എൻ. കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാർഷികാദായ നികുതി ഈടാക്കുന്നത് പൂർണ്ണമായും ഒഴിവാക്കുവാൻ സർക്കാർ തീരുമാനിച്ചു. കാർഷികാദായ നികുതി പൂർണ്ണമായും ഒഴിവാക്കണമെന്ന ശിപാർശ നടപ്പിലാക്കുന്നതിനായി, 1991-ലെ കേരള കാർഷികാദായ നികുതി ആക്റ്റ് (1991-ലെ 15) റദ്ദാക്കുവാനും സർക്കാർ തീരുമാനിക്കുകയുണ്ടായി. പ്രസ്തുത ആവശ്യത്തിലേയ്ക്ക് ഒരു നിയമനിർമ്മാണം കൊണ്ടുവരുവാനും സർക്കാർ തീരുമാനിച്ചു.

മേൽ പ്രസ്താവിച്ച ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സർക്കാരിന്റെ സഞ്ചിത നിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

ഡോ. ടി. എം. തോമസ് ഐസക്.